(എഫ്) വയനാട് ജില്ലയിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾ വിജിലൻസ്, ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ്, പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേന അന്വേഷിക്കുകയും, കുറ്റക്കാരെന്ന് കണ്ടവരുടെ പേരിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം

23 (*53) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക ക്ഷേമത്തിനു വേണ്ടി വകയിരുത്തുന്ന തുക ഒരു പ്രത്യേക വകുപ്പു തന്നെ രൂപീകരിച്ച് ചെലവാക്കണമെന്ന് കേന്ദ്ര നിർദ്ദേശം എന്നാണ് ലഭിച്ചത് ; ഈ വകുപ്പ് അനുവദിച്ച് ഉത്തരവായത് എന്നാണ് ;

(ബി) ഈ വകുപ്പിന്റെ ഡയറക്ടറെയും മറ്റ് ഉദ്യോഗസ്ഥൻമാരെയും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(സി) മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇതിനു വേണ്ടി പ്രത്യേക വകുപ്പുകൾ അനുവദിച്ചു പ്രവർത്തിക്കാൻ തുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിൽ പിന്നോക്ക ക്ഷേമ വകുപ്പിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) അങ്ങനെയൊരു നിർദ്ദേശം ലഭിച്ചിട്ടില്ല. 16-10-1999-ലെ ജി.ഒ.(എം.എസ്) നമ്പർ 93/99/പജപവവിവ പ്രകാരം പിന്നോക്ക വിഭാഗക്ഷേമ വകുപ്പ് രൂപീകരിച്ച് ഉത്തരവായി.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) പിന്നോക്കക്ഷേമ വകുപ്പിന്റെ പ്രവർത്തനം കഴിവതും വേഗം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി

24 (*54) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം.ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) ഇതിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ആവശ്യത്തിന് മതിയായ ജലം ലഭ്യമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം നാട്ടുകാർ സൗജന്യമായി നല്കിയിട്ടുണ്ട് ;

(ഇ) ഈ സ്ഥലത്ത് കനാലുകൾ നിർമ്മിച്ചു കഴിഞ്ഞുവോ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(എഫ്) 1991-92 മുതൽ 1999-2000 വരെ ഓരോ വർഷവും ഈ പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി നീക്കി വച്ച തുക ഓരോ വർഷവും പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ;

(ജി) പദ്ധതി പൂർത്തിയാക്കുമ്പോൾ ഈ പദ്ധതിക്കായി നിർമ്മിക്കപ്പെടുന്ന കനാലുകളിൽ കൂടി കൃഷിക്കാർക്ക് ആവശ്യമായ ജലം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) & (ബി) അനുമതി ലഭിച്ചിട്ടില്ല.

(സി) ലഭ്യമാണ്. വൈദ്യുതോല്പാദനത്തിനു ശേഷം പുറത്തേയ്ക്ക് വിടുന്ന ജലം ചിറ്റൂർ എലവഞ്ചേരി, മുതലമട എന്നീ പ്രദേശങ്ങളിൽ കൃഷിക്ക് ഉപയുക്തമാക്കുവാനാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

(ഡി) ഏകദേശം 17 ഏക്കറോളം ഭൂമി കനാൽ നിർമ്മാണത്തിനായി സൗജന്യമായി ലഭിച്ചിട്ടുണ്ട്.

(ഇ) സൗജന്യമായി ലഭിച്ച ഭൂമിയിൽ 4 കി.മീ. നീളത്തിൽ കനാൽ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് വിജിലൻസ് കേസ് നിലവിലുണ്ട്.

(എഫ്) ടി വർഷങ്ങളിൽ പദ്ധതിക്കായി വക കൊള്ളിച്ചിരിക്കുന്ന തുകയും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

വർഷം	വക കൊള്ളിച്ച തുക	ചെലവഴിച്ച തുക
(1)	(2)	(3)
1991-92	5 ലക്ഷം	4,99,916
1992-93	25 ലക്ഷം	10,55,983
1993-94	31.4 ലക്ഷം	24,33,196
1994-95	150 ലക്ഷം	115,46,250

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
1995-96	200 ലക്ഷം	205,58,101
1996-97	242.30 ലക്ഷം	243,53,319
1997-98	91.74 ലക്ഷം	102,09,383
1998-99	399.71 ലക്ഷം	146,07,191
1999-2000	200 ലക്ഷം	109,01,108

(ജി) ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഈ പദ്ധതിക്കായി നിർമ്മിക്കപ്പെടുന്ന കനാലുകളിൽകൂടി കൃഷിക്കാർക്ക് ആവശ്യമായ ജലം നൽകാൻ കഴിയും.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി

25 (*55) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഏതെങ്കിലും ഓഫീസുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ജലവിതരണത്തിന് ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തവണ പൈപ്പ് പൊട്ടിയത് മൂലം കുടിവെള്ളം മുടങ്ങിയ സംഭവങ്ങളുണ്ടായെന്നും അവയിൽ ഏതൊക്കെ സംഭവങ്ങളെപ്പറ്റി അന്വേഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഭവങ്ങളിൽ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തൊക്കെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് തഴെപ്പറയുന്ന പരിപാടികളും പ്രവൃത്തികളും പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു.

"രണ്ടായിരം ആണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം" എന്ന ബൃഹത് പദ്ധതി ജല അതോറിറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഭൂജല വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കി വരുന്നു. ഒ.ഇ.സി.എഫ് (ജപ്പാൻ)ന്റെ സഹായത്തോടെ 5 ശുദ്ധ ജലവിതരണ വിപുലീകരണ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly